KSEB
കേരളത്തിന്റെ ഊർജ്ജം

**KERALA STATE ELECTRICITY BOARD Ltd**
(Incorporated under the Companies Act, 1956)
Office of the Director (Distribution & IT)
Registered Office: Vydyuthi Bhavanam, Pattom,
Thiruvananthapuram – 695 004
CIN: U40100KL2011SGC027424
Website: www.kseb.in
Phone: +91 471 2514685, 2514331
Email: ddkseb@kseb.in

No. DIRDIT/AEE4/Ente jilla App/2022

Dated: 11.04.2022

**പരിപത്രം**

Sub:- എന്റെ ജില്ലാ ആപ് -പരിപത്രം

Ref :- ____________

സർക്കാർ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായി കേരള സർക്കാർ തയ്യാറാക്കിയതാണ് 'എന്റെ ജില്ല' മൊബൈൽ ആപ്പ്. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്ന് എന്റെ ജില്ല ആപ്പ് ഡൌൺലോഡ് ചെയ്യാം. ആപ്പ് ഉപയോഗിക്കുന്നതിന് മൊബൈൽ നമ്പർ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യാം. മൊബൈൽ നമ്പർ സുരക്ഷിതമായിരിക്കും.

ഈ ആപ്പിലൂടെ പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ കണ്ടെത്താനും വിളിക്കാനും കഴിയും. കൂടാതെ, അനുഭവങ്ങൾ, അവലോകനങ്ങൾ എന്നിവ രേഖപ്പെടുത്താനും അവസരമുണ്ട്. അതിനു ശേഷം അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അവലോകനങ്ങൾ രേഖപെടുത്താം. ഒന്ന് മുതൽ അഞ്ചു വരെ റേറ്റിങ് നൽകാനും സാധിക്കും. നിലവിൽ 30000-ൽ പരം സർക്കാർ ആഫീസുകളിലും സ്ഥാപനങ്ങളിലും ഈ ആപ്ലിക്കേഷന്റെ സേവനം ലഭ്യമാണ്.

ആപ്പിൽ ഉൾപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി-യുടെ ഏതെങ്കിലും ഓഫീസുകൾ വിട്ടു പോയിട്ടുണ്ടെങ്കിൽ അതാത് കളക്ടറേറ്റിലെ നാഷണൽ ഇൻഫെർമാറ്റിക്സ് സെന്ററുമായി ബന്ധപെട്ട് അവരവരുടെ കീഴിലുള്ള എല്ലാ ഓഫിസുകളും ഉൾപ്പെടുത്തുന്നതിനും ആപ്പിലെ ഉദ്യോഗസ്ഥരുടെ പേര് ഉൾപ്പെടെയുള്ള വിവരങ്ങൾ പുതുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും http://entejilla.kerala.gov.in/ പോർട്ടൽ ആക്സസ് ചെയ്യാവുന്നതാണ്. ഇതിൽ നിന്നും സംസ്ഥാന റിപോർട്ടുകൾ ജില്ലാ റിപ്പോർട്ടുകൾ, വകുപ്പ് തിരിച്ചുള്ള റിപ്പോർട്ടുകൾ എന്നിങ്ങനെ പ്രതികരണങ്ങൾ ലഭ്യമാണ്. ഉദ്യോഗസ്ഥർ പോർട്ടൽ ഉപയോഗിക്കുകയും പ്രവർത്തനം അവലോകന ചെയ്യേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർച്ചയായ ഫീഡ് ബാക് സംവിധാനവും സമയോചിതമായ ഇടപെടലും സ്വീകരിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ ഇലക്ട്രിക്കൽ ഡിവിഷൻ, സർക്കിൾ, മേഖല, തലത്തിൽ ഓരോ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും അവരുടെ പേരും കോണ്ടാക്ട് നമ്പറും ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ഐ ടി) യുടെ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. പൊതുജനങ്ങളുടെ ആശങ്കകൾ തിരിച്ചറിയുന്നതിനും സമയബന്ധിതമായി പരിഹരിക്കാനും മേൽനോട്ടം സഹായകരമാകും. പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പ്രതികരണങ്ങൾ വിശകലനം ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികൾ ആപ്പിൽ മറുപടിയായി രേഖപ്പെടുത്തേണ്ടതുമാണ്. ലഭിച്ച പരാതികളുടെ ഒരു ക്രോഡീകരിച്ച ലിസ്റ്റ് എല്ലാ മാസവും മൂന്നാം തീയതിക്ക് മുൻപായി ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ഐ ടി) യുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

Sd/-

**JAYASHREE T K**
**Secretary**

To:

Chief Engineers Distribution.
Deputy Chief Engineers of all Distribution Circles.
The Executive Engineers of all Electrical Division

The CPO/PRO
The TA to Chairman & Managing Director/ The TA to Director (Distribution& IT/ Transmission-System Operation/Generation-Electrical/ Planning,Safety&Supply Chain Management/ Generation-Civil/REES, SOURA,Sports&Welfare)
The PA to Director (Finance) / Senior C.A. to Secretary (Administration)
Library / Stock File.